9

# പരിശുദ്ധാത്മാവ് വസിക്കൽ

*"ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്ക് വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?" (1 കൊരിന്ത്യർ 6:19, 20).*

പരിശുദ്ധാത്മാവ് വസിക്കുന്നതിനെ കുറിച്ച് ബൈബിൾ എന്തു പറയുന്നു? ആർക്കാണ് ആത്മാവ് ലഭിക്കുന്നത്? എല്ലാ ക്രിസ്ത്യാനികളിലും ആത്മാവ് വസിക്കുമോ? അങ്ങനെയെങ്കിൽ, അവൻ വസിക്കുന്നത് വചനം മുഖാന്തരം മാത്രമാണോ? അതോ വചനത്തിനപ്പുറമായി അവൻ വ്യക്തികളിൽ വസിക്കുമോ? ഇന്ന് അവൻ വസിക്കുന്നതിന്റെ ഉദ്ദേശം എന്താണ്?

### ആത്മാവ് നൽകപ്പെടുമെന്ന് ബൈബിൾ പറയുന്നുണ്ടോ?

പരിശുദ്ധാത്മാവ് നല്കപ്പെട്ടിട്ടുണ്ടെന്നും നൽകുമെന്നുമുള്ള വാഗ്ദാനത്തെ പറ്റി പറയുന്ന നിരവധി വേദഭാഗങ്ങൾ പുതിയനിയമത്തിലുണ്ട്. അവൻ നൽകപ്പെടുമെന്നതു കാണിക്കുകയാണ് ഈ പാഠത്തിന്റെ പ്രാഥമികമായ ലക്ഷ്യം.

(1) "സ്വർഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും?" (ലൂക്കൊസ് 11:13). ഇവിടെ യേശു അപ്പൊസ്തലന്മാരോട് പറയുമ്പോൾ "നിങ്ങൾക്ക്" എന്നല്ല മറിച്ച് "അവർക്ക്" അതായത് അപ്പൊസ്തലന്മാരെ ഉദ്ദേശിച്ചല്ല, ദൈവത്തോട് യാചിക്കുന്ന ഏതൊരുവനും എന്നർത്ഥം.

(2) "അവൻ ആത്മാവിനെ അളവുകൂടാതെയത്രെ നൽകുന്നത്" (യോഹന്നാൻ 3:34). കെജെവിയിൽ "അൺടു ഹിം" എന്ന് ചരിച്ചെഴുതിച്ചേർത്തിരിക്കുന്നു. പക്ഷെ ഗ്രീക്കിൽ അതു കാണുന്നില്ല. ആത്മാവ് നൽകപ്പെടുമെന്ന് ആ വാക്യം പറയുന്നു, എന്നാൽ ആർക്കു നൽകുമെന്ന് പറഞ്ഞിട്ടില്ല.

(3) "ഞാൻ പിതാവിനോട് ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന്ന് നിങ്ങൾക്ക് തരും" (യോഹന്നാൻ 14:16, 17). ഈ സന്ദർഭത്തിൽ, യേശു അപ്പൊസ്തലന്മാർക്ക് ആത്മാവിനെ (കാര്യസ്ഥൻ), കോടുക്കുമെന്നാണ് പറഞ്ഞത്.

(4) "... ഓരോരുത്തൻ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപമോചനത്തിനായി; യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽപിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:38).

(5) "ഞങ്ങളും ... ദൈവം തന്നെ അനുസരിക്കുന്നവർക്ക് നൽകിയ പരിശുദ്ധാത്മാവും സാക്ഷികളാകുന്നു" (പ്രവൃത്തികൾ 5:32). പത്രൊസ് അവിടെ "ഞങ്ങൾക്ക്" എന്നല്ല പറഞ്ഞത്, മറിച്ച് "തന്നെ അനുസരിക്കുന്നവർക്ക്" എന്നാണ്. അതിനർത്ഥം അവനെ അനുസരിക്കുന്ന ഏവർക്കും പരിശുദ്ധാത്മാവ് ലഭിക്കും എന്നർത്ഥം.

(6) "... നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവ്" (റോമർ 5:5). "നമുക്ക്"

എന്ന് പറഞ്ഞിരിക്കുന്നതു അപ്പൊസ്തലന്മാരെ മാത്രം ഉദ്ദേശിച്ചല്ല, ചില സന്ദർഭങ്ങളിൽ അപ്പൊസ്തലന്മാരെ മാത്രം ഉദ്ദേശിച്ചു പറയുന്നുണ്ട്, "നമുക്ക്," (5:8), "നമ്മുടെ" (4:24, 25; 5:3), "നമുക്ക്" (5:1–3, 6, 8–11) ഈ സന്ദർഭത്തിൽ പൗലൊസിനേയും, റോമയിലുള്ള ക്രിസ്ത്യാനികളേയും, പൊതുവിൽ ക്രിസ്ത്യാനികളേയും ആണ് ഉദ്ദേശിക്കുന്നത്.

(7) "... അവൻ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു" (2 കൊരിന്ത്യർ 1:22).

(8) "... ദൈവം തന്റെ പുത്രന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിൽ അയച്ചു, ..." (ഗലാത്യർ 4:6). സ്വപുത്രന്റെ [ക്രിസ്തു] ആത്മാവ് എന്നു പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവാണ് (1 പത്രോസ് 1:11), അവൻ തന്നെയാണ് പഴയനിയമകാലത്ത് ദൈവവചനം വെളിപ്പെടുത്തിയത് (പ്രവൃത്തികൾ 1:16; 2 പത്രൊസ് 1:20, 21).

(9) "... ദൈവം തന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾക്ക് തന്നിരിക്കുന്നു" (1 തെസലൊനിക്യർ 4:8). ചില കയ്യെഴുത്തുപ്രതികളിൽ "നിങ്ങൾക്ക്" എന്നതിനു പകരം "നമുക്ക്" എന്നാണ്. അതു അപ്രധാനമാണ്, കാരണം ഈ സന്ദർഭത്തിലും പൗലൊസ് "നമുക്ക്" എന്നാണ് തെസലൊനിക്യലേഖനത്തിലും പറഞ്ഞിരിക്കുന്നത് (വാക്യം 7 നോക്കുക, അവിടെ "നമുക്ക്" എന്നാണ്).[1]

''പരിശുദ്ധാത്മാവ് എന്ന ദാനം'' ജാതികളുടെമേലും പകർന്നു (പ്രവൃത്തികൾ 10:45; 11:17 നോക്കുക). പരിശുദ്ധാത്മാവിന്റെ "ഒരു" ദാനം ലഭിച്ചു എന്നല്ല ലൂക്കൊസ് രേഖപ്പെടുത്തിയത്. (അങ്ങനെ ആയിരുന്നുവെങ്കിൽ, ആത്മവരങ്ങളിൽ ഒന്നായ അന്യഭാഷയെകുറിച്ചു പറയുന്നതാകുമായിരുന്നു; 1 കൊരിന്ത്യർ 12:4, 10, 11.) മറിച്ച്, അവർക്ക് പരിശുദ്ധാത്മാവ് (എന്ന) ദാനം ലഭിച്ചു എന്നാണ് പറഞ്ഞത്. അവർക്ക് "പരിശുദ്ധാത്മാവ് ലഭിച്ചു" എന്നാണ് പത്രൊസ് പറഞ്ഞത് (പ്രവൃത്തികൾ 10:47) – അപ്പൊസ്തലന്മാർക്ക് ലഭിച്ച "അതേ ദാനം" (പ്രവൃത്തികൾ 11:17) – അവർക്ക് "പരിശുദ്ധാത്മാവിനെ" നല്കിയിരിക്കുന്നു (പ്രവൃത്തികൾ 15:8). ഇവിടെ പറഞ്ഞിരിക്കുന്ന "പരിശുദ്ധാത്മാവ് എന്ന ദാനം" പരിശുദ്ധാത്മാവ് തന്നെയാണ്, കാരണം അവനെ അവർക്ക് നല്കിയിട്ടുണ്ടെങ്കിൽ, അവർക്ക് അവനെ ലഭിച്ചത് ദാനമായിട്ടാണ്.

പ്രവവൃത്തികൾ 2:38 ലും അതേ പദപ്രയോഗം "പരിശുദ്ധാത്മാവ് എന്ന ദാനം" ഉപയോഗിച്ചിരിക്കുന്നതുകൊണ്ട്, എന്തുകൊണ്ടാണ് ഇവിടെ പ്രയോഗിച്ച "പരിശുദ്ധാത്മ ദാനത്തെ"... വ്യത്യസ്തമായി കാണുവാനുള്ള കാരണം വ്യക്തമാകുന്നില്ല. ദാനം പരിശുദ്ധാത്മാവായി കണക്കാക്കണം – അല്ലാതെ ആത്മാവിന്റെ വരങ്ങളല്ല – അല്ലെങ്കിൽ അതു മറ്റു വേദഭാഗങ്ങൾക്ക് വൈരുധ്യമാകരുത് എന്നർത്ഥം. അതിനർത്ഥം പാപമോചനത്തിനായി സ്നാനം ഏറ്റ എല്ലാവർക്കും അത്ഭുതശക്തി ലഭിച്ചു എന്നല്ല, അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചു എന്നു മാത്രം. ഈ വേദഭാഗത്തിലെ "പരിശുദ്ധാത്മദാനം" അന്യഭാഷയിൽ സംസാരിക്കുന്നതാണെങ്കിൽ, പിന്നെ എന്തുകൊണ്ട് പ്രവൃത്തികൾ 2:38 ലെ "പരിശുദ്ധാത്മാവ് എന്ന ദാനം" എന്നതിനും അതേ അർത്ഥം എന്തുകൊണ്ട് കൊടുക്കുന്നില്ല?

ആത്മാവിന്റെ വരങ്ങളും പരിശുദ്ധാത്മാവ് എന്ന ദാനവും തമ്മിലുള്ള

> വ്യത്യാസം നാം തിരിച്ചറിയണം. പരിശുദ്ധാത്മാവ് എന്ന *ദാനം* പരിശുദ്ധാത്മാവ് തന്നെയാണ്, പിതാവ് മശിഹ മുഖാന്തരം നൽകുന്നതാണ്, ആത്മാവിന്റെ *വരങ്ങൾ*, ആത്മിയ ഉപയോക്താക്കൾക്ക് ആത്മാവ് നൽകുന്നവയാണ്...[2]

പ്രവൃത്തികൾ 2:38 ലെ "പരിശുദ്ധാത്മാവ് എന്ന ദാനം" എന്നതിനെ കുറിച്ച് ജെ. ഡബ്ലിയു. മെക്ഗാർവേ ഇപ്രകാരം പറഞ്ഞു:

> അപ്പൊസ്തലന്മാർക്ക് പകർന്നു കൊടുത്ത അത്ഭുതവരമല്ല ഇത്: കാരണം തുടർന്നുള്ള ചരിത്രത്തിൽ, പിന്നീട് മാനസാന്തരപ്പെട്ട് സ്നാനമേറ്റ എല്ലാവരിലും ഈ വരങ്ങൾ നല്കിയില്ല, പല ഇടവകകളിലും പ്രമുഖരായ ഏതാനും പേർക്ക് മാത്രമാണ് അത് ലഭിച്ചത്. പരിശുദ്ധാത്മാവ് എന്ന ദാനം എന്ന പ്രയോഗത്തിന്റെ അർത്ഥം പരിശുദ്ധാത്മാവ് എന്നാണ്, സന്ദർഭം വ്യക്തമാക്കുന്നത് പരിശുദ്ധാത്മാവ് വസിക്കുന്നതാണ്, അങ്ങനെയാണ് നാം ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നത്, പരിശുദ്ധാത്മാവ് നമ്മിൽ ഇല്ലെങ്കിൽ നാം ക്രിസ്തുവിനുള്ളവരല്ല.[3]

അപ്പൊസ്തലന്മാരോടുകൂടെ ആത്മാവുണ്ടായിരുന്നു (യോഹന്നാൻ 14:17), എന്നാൽ യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷാ സമയത്ത് അവരിൽ ഇല്ലായിരുന്നു (യോഹന്നാൻ 7:39).

## ആത്മാവ് ആർക്കാണ് നൽകിയത്?

ക്രിസ്തീയ കാലത്ത്, ദൈവം തന്റെ ആത്മാവിനെ ഏതാനും പേരിൽ നൽകി. ആത്മാവിനെ അപ്പൊസ്തലന്മാർക്ക് നൽകി എന്ന കാര്യത്തിൽ മിക്ക ബൈബിൾ പഠിതാക്കൾക്കും സംശയമുണ്ടാകയില്ല (യോഹന്നാൻ 14:17, 26; 15:26; 16:13), പിന്നെ അത്ഭുതം പ്രവർത്തിക്കേണ്ടവർക്കും (പ്രവൃത്തികൾ 19:6). എങ്ങനെയായാലും, നാം ചോദിച്ചേക്കാം, "ദൈവം മറ്റുള്ളവർക്കും അത്ഭുതത്തിന്-അല്ലാതെയും ആത്മാവിനെ നൽകുമോ? - അങ്ങനെയെങ്കിൽ അത് ആർക്കാണ്" ഈ രണ്ടുവിധത്തിലുള്ള ചോദ്യങ്ങൾക്കും താഴെ കൊടുത്തിരിക്കുന്ന തിരുവെഴുത്തുകൾ ഉത്തരം നൽകും:

(1) "... ലോകത്തിന്, സത്യത്തിന്റെ ആത്മാവ് ലഭിക്കുകയില്ല" (യോഹന്നാൻ 14:17). "ലോകം" എന്ന് യേശു പറഞ്ഞത്, "ദുഷ്ടന്റെ അധീനതയിലുള്ളവരെ ഉദ്ദേശിച്ചാണ്" (1 യോഹന്നാൻ 4:5, 6; 5:19), അർത്ഥമെന്തെന്നാൽ ആത്മാവ് ലഭിക്കുന്നത്, ലോകത്തിലുള്ളവർക്കല്ല, ക്രിസ്ത്യാനികൾക്കാണ്.

(2) "... സ്വർഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും?" (ലൂക്കൊസ് 11:13).

(3) "അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെ കുറിച്ചാകുന്നു പറഞ്ഞത്" (യോഹന്നാൻ 7:39). ഈ വേദഭാഗത്തിലെ ഗുണഭോക്താക്കൾ "വിശ്വസിച്ചവരാണ്" (അതായത്, അനുസരിച്ചവർ; റോമർ 1:5; 16:26), അതിൽ അപ്പൊസ്തലന്മാരേക്കാൾ വിസ്തൃതമായ ഒരു കൂട്ടം ഉൾപ്പെടുന്നു.

(4) "... പാപമോചനത്തിനായി...സ്നാനമേൽപിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:38).

(5) "... തന്നെ അനുസരിക്കുന്നവർക്ക് ദൈവം നൽകിയ പരിശുദ്ധാത്മാവ്" (പ്രവൃത്തികൾ 5:32).

(6) "നിങ്ങൾ മക്കൾ ആകകൊണ്ട്, അബ്ബാ പിതാവേ, എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു ..." (ഗലാത്യർ 4:6).

(7) "... നിങ്ങൾക്ക് ആത്മാവ് ലഭിച്ചത് ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ?" (ഗലാത്യർ 3:2). കേൾക്കുമ്പോൾ, വിശ്വാസത്തോടെ ദൈവവചനം കൈക്കൊള്ളുന്നവർക്കാണ് ആത്മാവ് ലഭിക്കുന്നത്.

ലോകക്കാർക്ക് പരിശുദ്ധാത്മാവ് ലഭിക്കുകയില്ല എന്നതാണ് പൊതുവായ നിയമം. യാചിക്കുന്നവർക്കാണ് ആത്മാവ് ലഭിക്കുന്നത്; എങ്ങനെയായാലും, ആത്മാവ് ലഭിക്കുവാൻ യാചിച്ചാൽ മാത്രം പോരാ. അനുസരണവും വേണം (പ്രവൃത്തികൾ 5:32), അതിൽ വിശ്വാസവും, മാനസാന്തരവും, യേശുവിന്റെ നാമത്തിൽ പാപമോചനത്തിനുള്ള സ്നാനവും ഉൾപ്പെടുന്നു.

> അപ്പൊസ്തലന്മാരുടെ കൈവെപ്പ് കൂടാതെ, ജാതികൾക്ക് ദൈവമക്കളാകുന്നതിനുമുൻപ് പരിശുദ്ധാത്മാവിന്റെ ശക്തി നൽകി (അതു പൊതുവായ നിയമത്തിന് ഒഴികഴിവായിരുന്നു); എങ്ങനെയായാലും, ഇതിനർത്ഥം അവൻ സ്നാനമേറ്റു ദൈവമക്കളായി തീരുന്നതിന് മുൻപ് അവരിൽ വസിക്കേണ്ടതിന് ആത്മാവിനെ നൽകി എന്നു വിചാരിക്കരുത്. പ്രവൃത്തികളുടെ പുസ്തകത്തിലെ എല്ലാ പരിവർത്തനങ്ങളിലും പരിശുദ്ധാത്മാവ് എന്ന ദാനം ലഭിച്ചു എന്നു പറഞ്ഞിട്ടില്ലെങ്കിലും, പൊതുവായ നിയമമനുസരിച്ച്, വചനം വിശ്വസിച്ച്, മാനസാന്തരപ്പെട്ട് പാപമോചനത്തിനായി സ്നാനമേല്ക്കുന്നവരിൽ (പ്രവൃത്തികൾ 2:38) വസിക്കേണ്ടതിന്ന് പരിശുദ്ധാത്മാവ് എന്ന ദാനം നൽകും (പ്രവൃത്തികൾ 8:35-39; 16:15, 33; 18:8). പരിശുദ്ധാത്മാവിലുള്ള രണ്ടു സ്നാനം ഒഴിച്ചാൽ, പരിശുദ്ധാത്മാവിന്റെ ശക്തി ലഭിച്ചിട്ടുള്ളത് അപ്പൊസ്തലന്മാരുടെ കൈവെപ്പിനാലാണ് (പ്രവൃത്തികൾ 8:14-18; 19:5, 6; 2 തിമൊഥെയൊസ് 1:6).[4]

### ആത്മാവ് ക്രിസ്ത്യാനികളിൽ വസിക്കുമോ?

ആത്മാവ് നമ്മിൽ തന്നിട്ടുണ്ടെങ്കിൽ, നമുക്ക് ആത്മാവ് ഉണ്ടായിരിക്കും. പൗലൊസ് എഴുതി, "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ, അവനുള്ളവനല്ല" (റോമർ 8:9). പിന്നെ അവൻ എഴുതി, "... ദൈവത്തിന്റെ ദാനമാണ് നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവ് ..." (1 കൊരിന്ത്യർ 6:19). എബ്രായ ലേഖനത്തിൽ നാം വായിക്കുന്നു, "നമുക്ക് പരിശുദ്ധാത്മവ് പ്രാപിച്ചിരിക്കുന്നു" (6:4). നമുക്ക് ആത്മാവ് ലഭിച്ചിട്ടുണ്ടെങ്കിൽ, നാം ആത്മാവിനെ പ്രാപിച്ചിട്ടുണ്ടെങ്കിൽ, നമ്മിൽ ആത്മാവുണ്ടായിരിക്കും.

ക്രിസ്ത്യാനികളിൽ ആത്മാവ് വസിക്കുന്നതിനെ കുറിച്ചുള്ള ചില ചോദ്യങ്ങൾക്ക് ഉത്തരം നല്കുന്നവയാണ് താഴെ കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ:

(1) "നിങ്ങളോ, ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ, ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവമുള്ളവരത്രേ; ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല" (റോമർ 8:9).

(2) "യേശുവിനെ മരിച്ചവരിൽനിന്നുയർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ, ക്രിസ്തുയേശുവിനെ മരണത്തിൽനിന്നുയർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ട്, നിങ്ങളുടെ മർത്യശരീരങ്ങളേയും ജീവിപ്പിക്കും" (റോമർ 8:11).

(3) "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?" (1 കൊരിന്ത്യർ 3:16).

(4) "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നു അറിയുന്നില്ലയോ ...?" (1 കൊരിന്ത്യർ 6:19).

(5) "അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന്ന് ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു" (എഫെസ്യർ 2:22). സാധ്യതയുള്ള മറ്റു തർജിമകൾ ആത്മാവി "ൽ" (ഗ്രീക്ക്: *എൻ*) "ത്രൂ" (കെജെവി) "ബൈ" (എൻഐവി). ദൈവം നമ്മിൽ വസിക്കുന്നു. "ൽ," "ത്രൂ," അല്ലെങ്കിൽ "ബൈ" എന്ന് ആത്മാവോടുകൂടി ഉപയോഗിച്ചിരിക്കുന്നു - അതിനർത്ഥം ആത്മാവ് നമ്മിലുണ്ട്, ദൈവം ആത്മാവിലുണ്ട്.

(6) "ആ നല്ല ഉപനിധി നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാൽ സൂക്ഷിച്ചുകൊൾക" (2 തിമൊഥെയൊസ് 1:14).

(7) "അവൻ നമ്മിൽ വസിക്കുമാറാക്കിയ ആത്മാവ് അസൂയക്കായി കാംക്ഷിക്കുന്നുവോ?" (യാക്കോബ് 4:5). ഈ വേദഭാഗത്ത് പറയുന്ന "ആത്മാവ്" മനുഷ്യാത്മാവാണ് (കെജെവിയും ആർഎസ്വിയും നോക്കുക) ഗ്രീക്കിൽ വലിയ അക്ഷരമില്ലാത്തതുകൊണ്ട്, വലിയ അക്ഷരത്തിലുള്ള "ആത്മാവ്" ആണോ അതോ ചെറിയ അക്ഷരത്തിലുള്ള "ആത്മാവ്" ആണോ എന്നറിയുവാൻ ഉടനെയുള്ള സന്ദർഭമോ വിശാലമായ സന്ദർഭമോ ബൈബിളിൽ നോക്കണം. ഒരുപക്ഷെ ഇവിടെ പറയുന്ന ആത്മാവ് എല്ലാ മനുഷ്യർക്കുമുള്ള ആത്മാവാകാം.

പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു എന്നത് നിഷേധിക്കുവാൻ പ്രയാസമായ വസ്തുതയാണ്. അവനെ നമ്മുടെ ഹൃദയങ്ങളിലേക്ക് അയച്ചിരിക്കുന്നു (2 കൊരിന്ത്യർ 1:22). മാനസികമായ പല പ്രവർത്തികളുടേയും വികാരങ്ങളുടേയും കേന്ദ്രമായ നമ്മുടെ ആന്തരിക ബുദ്ധിയെയാണ് ബൈബിളിൽ "ഹൃദയം" എന്ന് ഉപയോഗിച്ചിരിക്കുന്നത്:

| | |
|---|---|
| മനസിലാക്കൽ | മത്തായി 13:15 |
| വിചാരങ്ങൾ | മത്തായി 15:19 |
| സ്നേഹം | മത്തായി 22:37 |
| ചിന്ത | മർക്കൊസ് 2:6 |
| സംശയം | മർക്കൊസ് 11:23 |
| ഉള്ളം കലങ്ങൽ | യോഹന്നാൻ 14:1 |
| ദുഃഖം | യോഹന്നാൻ 16:6 |
| സന്തോഷിക്കൽ | യോഹന്നാൻ 16:22 |
| ആശയങ്ങൾ ഗ്രഹിക്കൽ | പ്രവൃത്തികൾ 5:4 |
| നിരൂപണം | പ്രവൃത്തികൾ 8:22; എബ്രായർ 4:12 |
| അനുസരണം | റോമർ 6:17 |
| വിശ്വസിക്കൽ | റോമർ 10:9 |

| | |
|---|---|
| തീരമാനിച്ച് ഉറച്ചുനിൽക്കൽ | 1 കൊരിന്ത്യർ 7:37 |
| നിശ്ചയിക്കൽ | 2 കൊരിന്ത്യർ 9:7 |
| ആശ്വസിക്കൽ | എഫെസ്യർ 6:22 |
| പ്രോൽസാഹനം | കൊലൊസ്യർ 2:2 |
| സ്തോത്രം | കൊലൊസ്യർ 3:16 |
| കുറ്റംവിധിക്കൽ | 1 യോഹന്നാൻ 3:21 |

## പരിശുദ്ധാത്മാവ് ക്രിസ്ത്യാനികളിൽ വസിക്കുന്നത് എങ്ങനെ?

മുഖ്യചോദ്യം "ക്രിസ്ത്യാനികളിൽ ആത്മാവ് വസിക്കുന്നുണ്ടോ?" എന്നതല്ല. അതു സാധാരണ എല്ലാവരും സമ്മതിക്കും. ക്രിസ്ത്യാനികളിൽ എങ്ങനെയാണ് പരിശുദ്ധാത്മാവ് വസിക്കന്നത് എന്ന കാര്യത്തിലാണ് വിയോജിപ്പുള്ളത്. താഴെ കൊടുത്തിരിക്കുന്ന സാധ്യതകൾ നോക്കുക:

(1) അവൻ വ്യക്തിയായിട്ടല്ല, വചനം എന്ന ഏജൻസിയിൽ കുടിയാണ് വസിക്കുന്നത്.

(2) അവൻ വചനത്തോടുകൂടിയാണ് വസിക്കുന്നത്, വ്യക്തിയായിട്ടല്ല.

(3) അവൻ വസിക്കുന്നത് ആത്മാവിന്റെ മനോഭാവം ഒരാളിൽ നൽകുന്നതിൽകൂടെയാണ്, അല്ലാതെ വ്യക്തിയായിട്ടല്ല.

(4) ഒരാൾ ആത്മാവിന്റെ സ്വഭാവം എത്രത്തോളം എടുക്കുന്നുവോ അതനുസരിച്ചാണ് വസിക്കുന്നത്, വ്യക്തിയായിട്ടല്ല.

(5) ഒരു ക്രിസ്ത്യാനിയിൽ അവൻ വ്യക്തിയായി വസിക്കുന്നു.

ആ പ്രസ്താവനകളിൽ ഓരോന്നിലും ഓരോ സത്യത്തിന്റെ മൂലകം ഉണ്ടെന്ന് തോന്നുന്നു. ആ ഭാഗികസത്യങ്ങൾ സംയോജിപ്പിച്ചാൽ നമുക്ക് മുഴുവൻ സത്യവും കണ്ടുതുടങ്ങുവാൻ കഴിയും. നാം വചനം മുഖാന്തരം വീണ്ടും ജനിക്കുമ്പോൾ (1 പത്രൊസ് 1:23), ദൈവമക്കളാകുകയും ആത്മാവിനെ നമ്മിൽ അയക്കുകയും ചെയ്യും. വചനത്തിനപ്പുറായി വേറിട്ട് അവൻ വസിക്കുകയില്ല, കാരണം വചനം എത്താത്തിടത്ത് അവൻ വസിക്കുകയില്ല.

കേട്ട വചനം വാം വിശ്വസിച്ച് രക്ഷിക്കപ്പെടാതിരിപ്പാൻ പിശാച് നമ്മുടെ ഹൃദയത്തിൽനിന്ന് ആ വചനം എടുത്തുകളയും (ലൂക്കൊസ് 8:12). ആത്മാവ് പ്രവേശിക്കാതെ തന്നെ ഒരാളുടെ ഉള്ളിൽ വചനം പ്രവേശിക്കും എന്നാണ് ഇതു സൂചിപ്പിക്കുന്നത്. വിശ്വസിക്കുവാൻ വചനം നമ്മെ സഹായിക്കും (റോമർ 10:17), വിശ്വാസം നമ്മെ പാപമോടചനത്തിനുള്ള സ്നാനത്തിലേക്ക് നയിക്കും (പ്രവൃത്തികൾ 2:38, 41; 8:12; 18:8). തിരിച്ച്, പാപമോചനം ആത്മാവ് ലഭിക്കുന്നതിലേക്ക് നയിക്കും. അതുകൊണ്ട്, വചനം എന്ന ഏജൻസിയിൽകൂടെയല്ല ആത്മാവ് നമ്മിൽ വസിക്കുന്നത്. കാരണം വചനവും ആത്മാവും ഹൃദയത്തിൽ പ്രവേശിക്കുന്നത് വ്യത്യസ്ത സമയങ്ങളിലാണ്. നാം രക്ഷിക്കപ്പെടുന്നതിന് മുൻപ് വചനം നമ്മുടെ ഹൃദയത്തിൽ പ്രവേശിക്കുന്നു. നാം പാപം മോചിക്കപ്പെട്ട്, രക്ഷിക്കപ്പെട്ടു ദൈവമക്കളാകുമ്പോഴാണ് നമ്മിൽ ആത്മാവ് വരുന്നത്.

ആത്മാവ് വചനത്തോടുകൂടെ വസിക്കുന്നു. ആത്മാവ് നമ്മിൽ വസിക്കുന്നതുപോലെ ക്രിസ്തുവിന്റെ വചനവും ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ വസിക്കുന്നു (കൊലൊസ്യർ 3:16). ആത്മാവും വചനവും ക്രിസ്ത്യാനികളുടെ ഹൃദയങ്ങളിൽ വേറിട്ടു വസിക്കുന്ന അസ്തിത്വങ്ങളാണ്.

ക്രിസ്ത്യാനിയുടെ ഹൃദയത്തിൽ നേരായ മനോഭാവം ഉണ്ടായിരിക്കണം (ഫിലിപ്പിയർ 2:5). ആത്മാവിന്റെ ഫലങ്ങളാണ് ശരിയായ മനോഭാവം (ഗലാത്യർ 5:22, 23) കാരണം ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു (റോമർ 5:5). ആത്മാവും ശരിയായ മനോഭാവവും നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടായിരിക്കണം. ആത്മാവിന്റെ സന്ദേശമാണ് നമ്മെ ക്രിസ്തുവിന്റെ മനോഭാവമുള്ളവരാക്കുന്നത്, ആത്മാവല്ല. ആത്മാവിന്റെ ഉപദേശത്തിന് നാം കീഴ്പ്പെട്ടാൽ നമ്മിൽ ആത്മാവിന്റെ ഫലങ്ങൾ ഉണ്ടായിരിക്കും (ഗലാത്യർ 5:22-25). ശരിയായ മനോഭാവവും ആത്മാവും ക്രിസ്ത്യാനിയിൽ വേണം. ശരിയായ സ്വഭാവം നമ്മിലുണ്ടാകുന്നത് ആത്മാവിന്റെ ഉപദേശം നാം പാലിക്കുന്നതുകൊണ്ടാണ് അല്ലാതെ ആത്മാവുകൊണ്ടല്ല.

ഇതിൽ ഓരോന്നിലും, ആത്മാവിന്റെ പ്രവൃത്തി "ഒന്നുകിൽ/അല്ലെങ്കിൽ" എന്നല്ല, പിന്നെയോ, "രണ്ട്/ഉം" വേണം. അതായതു, ആത്മാവും വചനവും നമ്മുടെ ഹൃദയത്തിൽ വേണം - അതിനോടൊപ്പം ആത്മാവിന്റ സ്വഭാവവും മനോഭാവവുമുണ്ടായിരിക്കണം.

പരിശുദ്ധാത്മാവ് നമ്മിൽ എങ്ങനെ വസിക്കുന്നു എന്ന് മനസിലാക്കുന്നതിനു സഹായിക്കുന്ന വേദഭാഗമാണ് ഒന്ന് കൊരിന്ത്യർ 6:19. ക്രിസ്തുവിന്റെ ശരീരങ്ങൾ എടുത്ത് വേശ്യയുടെ ശരീരങ്ങൾ ആക്കരുതെന്ന് പൗലൊസ് എഴുതി (1 കൊരിന്ത്യർ 6:15-19). "പരിശുദ്ധാത്മാവ് വസിക്കുന്ന മന്ദിരമാകുന്നു നിങ്ങളുടെ ശരീരങ്ങൾ" എന്നാണ് ആലങ്കാരികമായി പറഞ്ഞിരിക്കുന്നത്. ദേവന്മാർ വസിക്കേണ്ടത് മന്ദിരങ്ങളിലാണെന്ന ആശയം കൊരിന്ത്യർക്ക് പരിചയമുള്ളതായിരുന്നു. കൈപ്പണിയായ ക്ഷേത്രങ്ങളിൽ ആത്മാവ് വസിക്കുന്നില്ല എന്ന് പൗലൊസ് എഴുതിയത് അവർക്ക് മനസിലായി (പ്രവൃത്തികൾ 17:24). അവൻ വസിക്കുന്നത്, മനുഷ്യശരീരത്തിലെ മാംസമെന്ന മന്ദിരത്തിലാകുന്നു.

നാം ദൈവമക്കൾ ആണെങ്കിൽ, നമ്മിൽ ആത്മാവ് ഉണ്ട്. വിശ്വാസത്താൽ ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റ് വീണ്ടും ജനിക്കുമ്പോഴാണ് നാം ദൈവമക്കളാകുന്നത് (ഗലാത്യർ 3:26, 27). ദൈവവചനം കൈക്കൊള്ളുന്നതുപോലെ അല്ല, ആത്മാവ് ലഭിക്കുന്നത്; അത് നാം ചിലതു സ്വീകരിച്ച്, പഠിച്ച് നമ്മിൽ വളർത്തിയെടുക്കുന്നതുപോലെ അല്ല. ദൈവം തന്റെ ആത്മാവിനെ നമ്മിൽ തരുകയാണ് (ലൂക്കൊസ് 11:13; പ്രവൃത്തികൾ 5:32; റോമർ 5:5; 1 കൊരിന്ത്യർ 6:19; 1 തെസലൊനിക്യർ 4:8; 1 യോഹന്നാൻ 3:24). നാം ദൈവമക്കൾ ആയതുകൊണ്ടാണ് ദൈവം അവനെ നമ്മിൽ തരുന്നത്.

ആത്മാവ് എങ്ങനെ വസിക്കുന്നുവെന്ന് ബൈബിൾ പറയാത്തതുകൊണ്ട്, എങ്ങനെ ആത്മാവ് നമ്മിൽ വസിക്കുന്നു എന്ന് ഉറപ്പിച്ചു പറയുവാൻ സാധ്യമല്ല. നമ്മുടെ ആത്മാക്കൾ എങ്ങനെ നമ്മിൽ വസിക്കുന്നു എന്നും നമുക്ക് അറിയില്ല - നമ്മിൽ ഭൗതിക ജീവനുള്ളതുകൊണ്ട് നമുക്ക് ആത്മാവുണ്ട്. അല്ലെങ്കിൽ നാം മരിച്ചവരായിരിക്കും (യാക്കൊബ് 2:26). അതുപോലെ, നമ്മിൽ പരിശുദ്ധാത്മാവുള്ളതുകൊണ്ട്, നമുക്ക് ആത്മിയ ജീവനുണ്ട്. ഈ വസ്തുത നാം വിശ്വാസത്താൽ സ്വീകരിക്കണം.

ദൈവം മനുഷ്യശരീരത്തിൽ ഇരിക്കുന്നത് - യേശു ദൈവമനുഷ്യനായതുപോലെ ആകും - എന്ന് പറഞ്ഞ് ചിലർ എതിർക്കാറുണ്ട്. അങ്ങനെയായാൽ മറ്റുള്ളവർ കുനിഞ്ഞു നമ്മെ നമസ്ക്കരിക്കേണ്ടതുണ്ട്. കൂടാതെ, ആത്മാവ് ഒരു വ്യക്തിയായതുകൊണ്ട് പല ഭാഗങ്ങളാക്കി ക്രിസ്ത്യാനിക

ളിൽ വിതരണം ചെയ്യാവുന്നതല്ല എന്നും അവർ പറയും.

അങ്ങനെ എതിർക്കുന്നവരിൽ മിക്കപേരും പ്രവാചകന്മാരിലും അപ്പൊസ്തലന്മാരിലും ആത്മാവ് വസിച്ചിരുന്നതായി സമ്മതിക്കും. അപ്പൊസ്തലന്മാരിലും പ്രവാചകന്മാരിലും ആത്മാവ് വസിച്ചപ്പോൾ അവരെ ആരാധിച്ചിരുന്നോ അല്ലെങ്കിൽ പല ഭാഗങ്ങളായി വിതരണം ചെയ്തിരുന്നോ? ദൈവത്തിന് പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുവാൻ കഴിയുമെങ്കിൽ (സങ്കീർത്തനങ്ങൾ 139:7-12). അവന്-ആത്മാവ് മുഖാന്തരം - എല്ലാ മക്കളിലും വസിപ്പാൻ കഴിയുകയില്ലേ? ദൈവം സമുദ്രത്തിന്റെ അറ്റത്തുണ്ടെങ്കിൽ (വാ.9), അതിനർത്ഥം സമുദ്രത്തെ നമസ്ക്കരിക്കണമെന്നാണോ? തീർച്ചയായും അല്ല.

**ഉപസംഹാരം**

ലോകം അവരെ കീഴ്പ്പെടുത്താതിരിക്കേണ്ടതിന് ക്രിസ്ത്യാനികളെ സഹായിക്കേണ്ടതിന് ദൈവം അവരിൽ തന്റെ ആത്മാവിനെ നൽകുന്നു. ഇതിനർത്ഥം ആത്മാവ് അവർക്ക് നിർദ്ദേശമോ, തോന്നലോ, നേരിട്ട് നടത്തുകയോ നൽകുമെന്നോ അല്ല. അല്ലെങ്കിൽ അപ്പൊസ്തലന്മാരയും ആദ്യക്രിസ്ത്യാനികളെയും ശക്തിപ്പെടുത്തിയതുപോലെ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുവാൻ ശക്തി നല്കുമെന്നുമല്ല അതു പറയുന്നത്. എങ്ങനെയായാലും, പരിശുദ്ധാത്മാവിന്റെ അത്ഭുത - രഹിത പ്രവർത്തനങ്ങൾ മൂലം ഇന്ന് ക്രിസ്ത്യാനികൾക്ക്, ലോകത്തിൽ പിശാചിന്റെ സ്വാധീനത്തെ മറികടന്നു ജീവിക്കുവാൻ സാധിക്കും (എഫെസ്യർ 3:16; 1 യോഹന്നാൻ 4:4; 5:19).

---

കുറിപ്പുകൾ

[1]പരിശുദ്ധാത്മാവ് നമ്മിൽ തരുവാൻ സാധ്യതയുണ്ടെന്ന് മറ്റു വേദഭാഗങ്ങളും പറയുന്നുണ്ട്. ഒന്ന് യോഹന്നാൻ 3:24 പറയുന്നു, "... അവൻ നമുക്ക് തന്ന ആത്മാവിനാൽ." മുൻപും "നമുക്ക്" എന്നുപയോഗിച്ചിരിക്കുന്നതു സൂചിപ്പിക്കുന്നതു എഴുത്തുകാരനേയും വായനക്കാരേയും ഉൾപ്പെടുത്തിയാണ് (3:16, 18, 20), ഇവിടെ അപ്പൊസ്തലന്മാരെ മാത്രമല്ല ഉദ്ദേശിച്ചിട്ടുള്ളത്. 1 യോഹന്നാൻ 4:13-ൽ നാം വായിക്കുന്നു. "... അവൻ തന്റെ ആത്മാവിനെ തന്നതിനാൽ" വീണ്ടും "നമുക്ക്" എന്നു പറഞ്ഞിരിക്കുന്നത് അപ്പൊസ്തലന്മാരെയും വായനക്കാരെയും ഉദ്ദേശിച്ചാണ് (വാക്യം 12 ശ്രദ്ധിക്കുക). [2]എഫ്. എഫ്. ബ്രൂസ്, *കമെന്ററി ഓൺ ദ ബുക്ക് ഓഫ് ദ ആക്ട്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1986), 77. [3]ജെ. ഡബ്ലിയു. മെക്ക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ഓൺ ആക്ട്സ് ഓഫ് അപ്പൊസ്റ്റൽസ്*, വാല്യം, 1 (എൻപി.: 1892; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി.), 39. [4]ഓവൻ ഡി. ആൾബ്രൈറ്റ്, *ബാപ്റ്റിസം: പുതിയ ജനനമോ അതോ പൊള്ളയായ ചടങ്ങോ?* (ഡിലൈറ്റ് ആർക്ക്.: ഗോസ്പൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., 1994), 144.

| പരിശുദ്ധാത്മാവിനെ നൽകൽ | | | |
|---|---|---|---|
| | പരിശുദ്ധാത്മ സ്നാനം | അപ്പൊസ്തലന്മാരുടെ കൈവെപ്പ് | പരിശുദ്ധാത്മാവ് വസിക്കൽ |
| ആര്? | അപ്പൊസ്തലന്മാരും, കൊർന്നെല്യോസും (പൗലൊസും?) പ്രവൃത്തി 2; 10 | ഒന്നാം-നൂറ്റാണ്ടിലെ ചില ക്രിസ്ത്യാനികൾക്ക് പ്രവൃത്തി 8:12-18; 19:6 | എല്ലാ ക്രിസ്ത്യാനികൾക്കും പ്രവൃത്തി 2:38; 5:32; ഗലാ. 4:6. |
| എങ്ങനെ? | ക്രിസ്തു മത്താ. 3:11 യോഹ. 1:33 | അപ്പൊസ്തലന്മാർ പ്രവൃത്തി 8:18; 19:6 റോമ. 1:11; 2 തിമൊ. 1:6 | ജലസ്നാനത്തിൽ ദൈവത്തിൽനിന്ന് പ്രവൃത്തി. 2:38; 5:32 |
| എന്ത്? | അത്ഭുതശക്തി പ്രവൃത്തി 2; പ്രവൃത്തി 10 | മിതമായ അത്ഭുത ശക്തി 1 കൊരി 12:1-10 | അത്ഭുതകരമല്ല; എഫെ. 1:12-14 |
| എന്തിന്? | ദൈവത്തിന്റെ സത്യം വെളിപ്പെടുത്തുവാനും ഉറപ്പിക്കുവാനും യോഹ. 14:26; 1 കൊരി. 2:13 | പുതിയനിയമം പൂർത്തിയാകുന്നതുവരെ സഭ നിലനിർത്തുവാൻ പ്രവൃത്തി. 12-17; എബ്രാ. 2:3, 4 | ക്രിസ്ത്യാനികളെ സഹായിക്കുവാനും ശക്തീകരിക്കുവാനും റോമ. 8:9-11, 13-15, 26, 27 |
| എപ്പോൾ? | ഏ. ഡി. 61-63 ൽ നിന്നുപോയി എഫെ. 4:5 | അപ്പൊസ്തലന്മാരും കൈവെപ്പ് ലഭിച്ചവരും മരിച്ചശേഷം നിന്നു 1 കൊരി. 13:8-13 | തുടരുന്നു പ്രവൃത്തി 2:38; 5:32; റോമ. 8:9; കൊലൊ. 4:6 |